(സി) ജില്ലാ വികസന സമിതിക്കു്, അതാതു ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളിൽ പുതിയ സ്കൂളുകളും ആവശ്യമുണ്ടെന്നു വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. അങ്ങനെ കൊല്ലവും ആലപ്പുഴയും ഒഴികെയുള്ള ജില്ലകളിൽനിന്നു് 1,021 സ്ഥലങ്ങളിൽ സ്കൂളുകൾ തുറക്കുന്നതിനു് ശുപാർശ കിട്ടിയിരുന്നു. ഗവണ്മെന്റു് ആ ഡിസ്ട്രിക്ടുകളിൽ ആകെ അനുവദിച്ചതു് 347 സ്കൂളുകളാണു്. അവയിൽ ജില്ലാ വികസന സമിതി ശുപാർശ ചെയ്ത എത്തെല്ലാം സ്ഥലങ്ങളിലാണു് സ്കൂളുകൾ അനുവദിച്ചിട്ടുള്ളതെന്ന വിവരം രേഖരിച്ചുവരുന്നു. കൊല്ലം ആലപ്പുഴ എന്നീ ജില്ലകളിലെ വിവരവും രേഖരിച്ചുവരുന്നു.

(ഡി) ചില പരാതികൾ കിട്ടിയിട്ടുണ്ടു്.

(ഈ) അതിന്റെ ആവശ്യമില്ല.

WRITTEN ANSWERS.

ജൂനിയർ കോളേജുകൾ.

* 22. [9] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിൽനിന്നും നടപ്പുവർഷത്തിൽ അനുവദിച്ച ജൂനിയർ കോളേജുകൾ എത്ര;

(ബി) അതിൽ ആരംഭിച്ചവ എത്ര;

(സി) പുതിയ ജൂനിയർ കോളേജുകളിൽ മൊത്തം എത്ര വിദ്യാർത്ഥികൾക്കു് പ്രവേശന സൗകര്യം അനുവദിച്ചു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 32.

(ബി) അനുവദിച്ച എല്ലാ കോളേജുകളും പ്രവർത്തനമാരംഭിച്ചു.

(സി) 11,440.

സ്റ്റേറ്റു് ടെയിഡിംഗു് ഫെഡറേഷൻ.

* 23. [13] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരസാധനങ്ങളും പുഷ്പിവെണ്ണയും വിലക്കയറ്റവും തടയാനായി സ്റ്റേറ്റു് ടെയിഡിംഗു് ഫെഡറേഷൻ സ്ഥാപിക്കുന്ന നിർദ്ദേശം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണു്;

(സി) വിലക്കയറ്റം തടയാൻ ഈ ഗവണ്മെന്റു് എടുത്ത നടപടികൾ എന്തെല്ലാം ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

(എ, ബി) ടെയിഡിംഗു് ഫെഡറേഷൻ രൂപീകരിക്കുന്ന കാര്യം കേന്ദ്ര ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്. കേന്ദ്രഗവണ്മെന്റിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു് ഈ സ്റ്റേറ്റിലും വേണ്ടതു് ചെയ്യുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിലക്കയറ്റം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സംസ്ഥാനത്തെ ന്യായവിലഷാപ്പുകൾ മുഖേനയുള്ള അരിവിതരണം ആഴ്ചയിൽ കാർഡൊന്നിന് 4·8 കിലോഗ്രാമായി 8 ആഴ്ചക്കാല ത്തേക്ക് 5-7-64 മുതൽ വർദ്ധിപ്പിച്ചു. 30-8-64 മുതൽ രണ്ടാഴ്ചത്തേക്ക് 3·6 കിലോഗ്രം അരിവീതം നൽകാനും ഉത്തരവായിട്ടുണ്ട്.

2. ഭക്ഷ്യധാന്യവ്യാപാരം ഫലപ്രദമായി നിയന്ത്രിക്കുന്നതിനു 1964-ലെ കേരള ഫുഡ് ഗ്രെയിൻസ് ഡീലേഴ്സ് ലൈസൻസിംഗ് ഓർഡർ പുറപ്പെടുവിച്ചു.

3. കേരളത്തിൽ വിവിധ ഇനം അരിയുടെ പരമാവധി വില്പനവില നിജപ്പെടുത്തിക്കൊണ്ട് 1964 ആഗസ്റ്റ്മാസത്തിൽ വില നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചു.

4. ഭക്ഷ്യേതരവസ്തുക്കളെ തടയുന്നതിനായി ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കുള്ളവർ അവരുടെ സ്റ്റോക്കുവിവരം അധികാരികളെ ബോദ്ധ്യ പ്പെടുത്തണമെന്നു അനുശാസിക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചു.

5. റോളർ ഫ്ളവ്വർമില്ലുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഗോതമ്പുല്പന്നങ്ങ ളുടെ വില്പന വില നിയന്ത്രണ ഉത്തരവ് കേന്ദ്രഗവണ്മെന്റ് പുറപ്പെടുവിച്ചു.

6. പൊതുവിപണിയിലെ അരിയുടെ സ്റ്റോക്ക് കുറവു പരിഹരിക്കാൻ കേന്ദ്രഗവണ്മെന്റിൽ നിന്നും പ്രത്യേകമായി അരി അലോട്ടുചെയ്തു വാങ്ങിച്ചു് ഒരുനിശ്ചിത വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിത രണം ചെയ്യുന്നുണ്ട്.

7. വ്യാപാരികളും ഭക്ഷ്യധാന്യങ്ങളും കൂടുതലായി സ്റ്റോക്കുചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതിനായി ഭക്ഷ്യധാന്യങ്ങൾക്ക് അനുവദിക്കാ വുന്ന ബാങ്ക് അഡ്വാൻസിന്റെ നിരക്ക് റിസർവ്വ് ബാങ്ക് വർദ്ധിപ്പിച്ചു.

8. വിലനിയന്ത്രണ ഉത്തരവുകളും കർശനമായി നടപ്പിലാക്കുന്നതിനു വേണ്ടി കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

വിദ്യാഭ്യാസപരിഷ്ക്കാരംമൂലം കൂടുതൽ ചെലവു്

* 24. [17] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിദ്യാഭ്യാസ പരിഷ്ക്കാരംമൂലം കൂടുതൽ ചെലവു് എത്ര വരും ;

(ബി) പരിശോധനയ്ക്കായി എത്ര ഇൻസ്പെക്ടർമാരെയാണു് നിയ മിക്കാൻ ഉദ്ദേശിക്കുന്നതു് ;

(സി) ഇൻസ്പെക്ഷൻ കൂടാതെ മറ്റേതെങ്കിലും ജോലികൂടി ഇവരിൽ നിക്ഷിപ്തമാണോ ;

(ഡി) സ്കൂളുകളിൽ അറബി പഠനം പരിശോധിക്കുന്നതിനു് പ്രത്യേകം ഇൻസ്പെക്ടറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly